# വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിന്റെ സിങ്കപ്പൂർ സന്ദർശനം (മാർച്ച് 23-25, 2024)

മാർച്ച് 25, 2024

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ 2024 മാർച്ച് 23-25 തീയതികളിൽ സിങ്കപ്പൂരിൽ സന്ദർശനം നടത്തി. സിങ്കപ്പൂർ, ഫിലിപ്പീൻസ്, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിന്റെ ഭാഗമായാണ് അദ്ദേഹം സിങ്കപ്പൂരിൽ എത്തിയത്. സിങ്കപ്പൂർ ക്യാബിനറ്റിലെ മുതിർന്ന മന്ത്രിമാരുമായും നേതൃത്വവുമായും അദ്ദേഹം നിരവധി ഉഭയകക്ഷി സംഭാഷണങ്ങൾ നടത്തി. സിങ്കപ്പൂർ പ്രധാനമന്ത്രി ശ്രീ. ലീ സിയാൻ ലോങ്ങുമായും ഉപപ്രധാനമന്ത്രി ശ്രീ. ലോറൻസ് വോങ്ങുമായും ധനകാര്യമന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഫിൻടെക്, ഡിജിറ്റലൈസേഷൻ, ഹരിത സമ്പദ്‌വ്യവസ്ഥ, നൈപുണ്യ വികസനം, ഭക്ഷ്യസുരക്ഷ എന്നിവയുൾപ്പെടെ സഹകരിക്കാവുന്ന വിവിധ മേഖലകൾ സംബന്ധിച്ച് അവർ കാഴ്ചപ്പാടുകൾ കൈമാറി. മുതിർന്ന മന്ത്രിയും ദേശീയ സുരക്ഷയുടെ ഏകോപന മന്ത്രിയുമായ ശ്രീ. ടിയോ ചീ ഹീനുമായും വിദേശകാര്യ മന്ത്രി സംഭാഷണം നടത്തി.

2. ഇരു കൂട്ടർക്കും താൽപ്പര്യമുള്ള ഉഭയകക്ഷി, പ്രാദേശിക, ആഗോള പ്രശ്നങ്ങളിൽ സിങ്കപ്പൂർ വിദേശകാര്യ മന്ത്രി ശ്രീ. വിവിയൻ ബാലകൃഷ്ണനുമായി വിദേശകാര്യമന്ത്രി വിശദമായ ചർച്ച നടത്തി. വ്യാപാരത്തിലും നിക്ഷേപത്തിലും ഹരിതോർജ്ജത്തിലും ഭക്ഷ്യ സുരക്ഷയിലും ഉള്ള ഉഭയകക്ഷി സഹകരണം സംബന്ധിച്ച് വ്യാപാര-വ്യവസായ മന്ത്രി ശ്രീ. ഗാൻ കിം യോങ്ങുമായും വിദേശകാര്യ മന്ത്രി കൂടിയാലോചന നടത്തി. ആഭ്യന്തരമന്ത്രിയും നിയമ മന്ത്രിയുമായ ശ്രീ. കെ. ഷൺമുഖവുമായും കൂടിക്കാഴ്ച നടത്തിയ അദ്ദേഹം ഉഭകക്ഷി പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള കാഴ്ചപ്പാടുകൾ പങ്കുവച്ചു.

3. സിങ്കപ്പൂരിലെ ഐഎൻഎ സ്മാരകത്തിൽ നേതാജി സുഭാഷ് ചന്ദ്രബോസിന് വിദേശകാര്യ മന്ത്രി ആദരാഞ്ജലി അർപ്പിച്ചു. ഇന്ത്യൻ സമൂഹവുമായി വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തുകയും അവരുമായി സംസാരിക്കുകയും ചെയ്തു. ഇന്ത്യൻ സമൂഹ അംഗങ്ങൾ തയ്യാറാക്കിയ 'സാഗാ ഓഫ് നേതാജി സുഭാഷ് ചന്ദ്രബോസ്' എന്ന ഒരു ഹ്രസ്വ വീഡിയോ പ്രദർശനം അദ്ദേഹം കാണുകയുണ്ടായി. ISAS (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൗത്ത് ഏഷ്യൻ സ്റ്റഡീസ്) സംഘടിപ്പിച്ച ഒരു പരിപാടിയിലും വിദേശകാര്യ മന്ത്രി പങ്കെടുക്കുകയും

വിദഗ്ധരുമായും നയരൂപകർത്താക്കളുമായും സംവദിക്കുകയും ചെയ്തു.

4. ഇന്ത്യയും സിങ്കപ്പൂരും തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനും വിവിധ മേഖലകളിലുള്ള സഹകരണത്തിന്റെ പുരോഗതി വിലയിരുത്താനും സന്ദർശനം അവസരമൊരുക്കി. ആസിയാനിലെ ഇന്ത്യയുടെ നിലവിലെ കൺട്രി കോഓർഡിനേറ്റർ കൂടിയാണ് സിങ്കപ്പൂർ. 2023-ൽ ജി20-യുടെ ഇന്ത്യയുടെ പ്രസിഡൻസി സമയത്ത് ഒരു അതിഥി രാജ്യമായി സിങ്കപ്പൂരിനെ ക്ഷണിച്ചിരുന്നു.

**സിങ്കപ്പൂർ**
**മാർച്ച് 25, 2024**